ഭരണഭാഷ മാതൃഭാഷ

*നമ്പർ.സി5/2011/2013/ഡി.പി.ഐ.*

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം., തീയതി.07/03/2013.

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - യു.ഡി. ക്ലാർക്കുമാരുടെ സേവന പുസ്തകം പരിശോധനയ്ക്കു വേണ്ടി ആവശ്യപ്പെടുന്നത് -

സൂചന : 1996-05 വർഷത്തെ യു.ഡി. ക്ലാർക്കുമാരുടെ സീനിയോരിറ്റിപ്പട്ടിക

1996-05-ലെ യു.ഡി. ക്ലാർക്കുമാരുടെ സീനിയോരിറ്റിപ്പട്ടികയിൽ ഉൾപ്പെടുന്ന റാങ്ക് നമ്പർ 301 മുതൽ 450 വരെയുള്ള ജീവനക്കാരുടെ തുടർന്നുള്ള സ്ഥാനക്കയറ്റം (ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട്) നൽകുന്നതിനു വേണ്ടി സർവ്വീസ് സംബന്ധമായ വിവരങ്ങൾ പരിശോധിക്കുന്നതിനായി ടി ജീവനക്കാരുടെ സേവനപുസ്തകം 30/06/2013-നു മുൻപായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർ ഇപ്പോൾ ജോലി നോക്കുന്ന ഓഫീസ്/ജില്ല സംബന്ധിച്ച വിവരങ്ങൾ ഈ ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ ഈ സർക്കുലർ പ്രകാരം ടി ജീവനക്കാരുടെ സേവനപുസ്തകം അതാത് ഓഫീസ് മേധാവികൾ/പ്രഥമാധ്യാപകർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

യഥാസമയം സേവനപുസ്തകം ഹാജരാക്കാത്ത ജീവനക്കാരെ ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് സ്ഥാനക്കയറ്റത്തിന് പരിഗണിക്കുന്നതല്ല.

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

പകർപ്പ്:

1. ടെക്സ്റ്റ് ബുക്ക് ഓഫീസർ, തിരുവനന്തപുരം.
2. പരീക്ഷ കമ്മീഷണർ, തിരുവനന്തപുരം
3. എല്ലാ സബ്-ഓഫീസുകൾക്കും